# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2845

13/07/2015 ൽ മറുപടിക്ക്

## <u>സർക്കാർ ഓഫീസുകൾ ലഹരിമുക്തമാക്കാൻ നടപടി</u>

**<u>ചോദ്യം</u> :**

**ശ്രീ. എ. എ. അസീസ്**

(എ) സർക്കാർ ജീവനക്കാർ ജോലി സമയത്ത് ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) ജോലി സമയത്ത് ലഹരി ഉപയോഗിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനായി ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതപ്പെടുത്തുവാൻ ആലോചനയുണ്ടോ; വ്യക്തമാക്കുമോ?

**<u>ഉത്തരം</u> :**

**ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

(എ) സർക്കാർ ജീവനക്കാർ ജോലിസമയത്ത് ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് വിലക്കി കൊണ്ട് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) യും (സി) യും : പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാത്ത ജീവനക്കാർക്കെതിരെ 1960 - ലെ KCS (CC&A) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. അതുപോലെ സർക്കാർ ഡ്രൈവർമാർ ലഹരി പദാർത്ഥമുപയോഗിച്ചുകൊണ്ട് വാഹനമോടി ക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിരമായി സസ്പെന്റു ചെയ്ത് തുടർനടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യം സർക്കുലർ മുഖേന എല്ലാ വകുപ്പുമേധാവികളേയും അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**